(ഡി) അർഹമായ ഫീസ് ആനുകൂല്യം ലഭിക്കാത്തത് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ തുടർപഠനം ബുദ്ധിമുട്ടിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ വിഷയം അടിയന്തരമായി പരിശോധിച്ച് സർക്കാർ പോളിടെക്നിക് കോളേജുകളിലെ ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് നൽകുമോ?

ഉത്തരം

(എ) സർക്കാർ പോളിടെക്നിക്കുകളിലെ റഗുലർ കോഴ്സുകളിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന ഫീസ് ഇളവ് പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി-ഇ) റഗുലർ ഡിപ്ലോമ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നിഷേധിക്കുന്നതായി പരാതി ലഭിച്ചിട്ടില്ല. ഇക്കാരണത്താൽ ട്രാൻസ്ഫർ വാങ്ങിയതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സായാഹ്ന ഡിപ്ലോമാ കോഴ്സ് സ്വാശ്രയ രീതിയിലാണ് നടത്തപ്പെടുന്നത്. വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന ഫീസുപയോഗിച്ചാണ് ശമ്പളമുൾപ്പെടെയുള്ള ചെലവുകൾ നിർവഹിച്ചു വരുന്നത്. സ്വാശ്രയ ഡിപ്ലോമാ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

പോളിടെക്നിക് കോളേജ്

91(1154) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കിനാനൂർ കരിന്തളം പഞ്ചായത്തിൽ പോളിടെക്നിക് കോളേജ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് ആവശ്യത്തിലധികം എഞ്ചിനീയറിംഗ് സീറ്റുകൾ നിലവിലുള്ളതിനാലും വന്നിച്ച അധിക സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാലും സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കേണ്ടതില്ലായെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർദ്ദേശം പരിഗണിച്ചിട്ടില്ല.

GPM. 2/239/2020-20

LIBRARY ARCHIVES Kerala Legislative Assembly